മലയാള മനോരമ
ESTABLISHED 1888

Sep 2, 2016



ഹൈദരാബാദിൽ നടന്ന ഐസിഎആർ ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ ഓവറോൾ ചാംപ്യൻമാരായ സിഎംഎഫ്ആർഐ ടീം അംഗങ്ങൾ

# സിഎംഎഫ്ആർഐ ഓവറോൾ ചാംപ്യൻ

കൊച്ചി • ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഓവറോൾ ചാംപ്യൻമാർ.

ഹൈദരാബാദിലെ നാഷനൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ റിസർച്ച് മാനേജ്മെന്റിൽ നടന്ന മീറ്റിൽ ഐസിഎആറിനു കീഴിലുള്ള 25 ഗവേഷണ സ്ഥാപനങ്ങളിൽ നിന്നായി 685 പേരാണു പങ്കെടുത്തത്. 38 മൽസരയിനങ്ങളിൽ നിന്നു 77 പോയിന്റ് നേടിയാണു സിഎംഎഫ്ആർഐ ചാംപ്യൻമാരായത്.

72 പോയിന്റ് നേടിയ ബെംഗളുരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (ഐഐഎച്ച്ആർ) രണ്ടാം സ്ഥാനം നേടി. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളാണു പങ്കെടുക്കുന്നത്.